




Sreenarayana
Pensioners
Council



# WISDOM (മനീഷ)

**സമഗ്ര സ്കോളർഷിപ്പ്, മൽസര പരീക്ഷ, വിദ്യാഭ്യാസ പദ്ധതി**

## നമുക്കൊന്നിച്ചുണർന്നൊരു ശക്തിയായി മാറാം.
## സംഘടിച്ചു ശക്തരാകുക വിദ്യകൊണ്ട് പ്രബുദ്ധരാകുക

മറ്റു സമുദായങ്ങൾ മതപഠനത്തിനൊപ്പം പുതിയ തലമുറയുടെ കരിയർകൂടി ഭദ്രമാക്കി സർക്കാർ പൊതുമേഖലാ തലങ്ങളിൽ വ്യാപകമാകുമ്പോൾ, ശ്രീനാരായണ കുടുംബങ്ങളിലെ പുതിയ തലമുറ താരതമ്യേന കുറഞ്ഞതരത്തിൽ മാത്രമാണ് ഭരണേമേഖലകളിലുള്ളതെന്ന എസ്.എൻ.ഡി.പി.യോഗം ജനറൽ സെക്രട്ടറിയുടെ കണ്ടെത്തലിനെ തുടർന്ന് ശ്രീനാരായണ പെൻഷനേഴ്സ് കൗൺസലിന് നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ രൂപം കൊണ്ടതാണ് ഈ പദ്ധതി.

ശ്രീനാരായണ പെൻഷനേഴ്സ് കൗൺസലിന്റെ പരിചയസമ്പന്നരായ അംഗങ്ങളും ഭാരവാഹികളും ഒന്നുചേർന്ന് യോഗം, യൂണിയൻ, ശാഖകളിലൂടെ ഓരോ വർഷവും 1500 പേർക്ക് ഉന്നതവിദ്യാഭ്യാസവും, സ്കോളർഷിപ്പും, കരിയർ ഗൈഡൻസും നൽകി മഹാഗുരുവിന്റെ വാക്കുകൾ അന്വർത്ഥമാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

എന്തു പഠിക്കണം, എങ്ങനെ പഠിക്കണമെന്നറിയാതെ, മൽസരപരീക്ഷയ്ക്ക് തയ്യാറാകാൻ കഴിയാത്ത, വേണ്ടത്ര ആത്മവിശ്വാസമില്ലാതെ എന്തെങ്കിലും പഠിക്കുന്ന നമ്മുടെ മിടുക്കന്മാരും മിടുക്കികളുമായ കുട്ടികളെ നേരായവഴി കാണിച്ച്, പരിശീലനം നൽകി ഉന്നതപഠനവും, സ്കോളർഷിപ്പും, ജോലിയും ലഭ്യമാക്കി ഒരു ഈഴവ ഇന്റലിജന്റ്സ് ഗ്രൂപ്പ് സൃഷ്ടിച്ച് സമൂഹത്തിന്റെ മുൻനിരയിൽ ഈഴവ സാന്നിദ്ധ്യം ഉറപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.



ദിശാബോധവും, പുതിയ അറിവുകളും, പുതിയ മേഖലകളും, ഒഴിഞ്ഞുകിടക്കുന്ന റിസർവേഷൻ പോസ്റ്റുകളും യഥാസമയം, മുഖാമുഖത്തിലൂടെയും, പരിശീലനത്തിലൂടെയും(ഓൺലൈൻ ഉൾപ്പെടെ) സിവിൽ സർവ്വീസ് മേഖലവരെ നമ്മുടെ കുട്ടികൾക്ക് നൽകാൻ തക്കവണ്ണം ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിൽ തയ്യാറായിക്കഴിഞ്ഞു. ശാഖ, യൂണിയൻ വഴി തിരഞ്ഞെടുക്കപ്പെടുന്ന 9 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്നവരും, പഠനം തുടരുന്നവരും, പഠനം നിർത്തിയവരും ഇതിന്റെ ഗുണഭോക്താക്കളാണ്. 10 വർഷംകൊണ്ട് പരിശീലനം സിദ്ധിച്ച 10000 പേരടങ്ങുന്ന ഈഴവ സ്മാർട്ട്-ബ്രില്ല്യൻസ് ഗ്രൂപ്പ് എസ്.എൻ.ഡി.പി. യോഗത്തിന്റെ ശക്തികേന്ദ്രമായി മാറും. ഭരണപങ്കാളിത്തമുള്ള സമുദായത്തിനേ അർഹതയുള്ളത് നേടാനാകൂ.

ഒരു ശാഖയിൽ നിന്ന് 10 പേരെ സ്കോളർഷിപ്പ് പരീക്ഷയെഴുതിച്ച് അവരിൽ നിന്ന് യൂണിയൻ തലത്തിൽ 10 പേരെ വീതം തിരഞ്ഞെടുത്ത് ആകെ 1500 പേർക്ക് പരിശീലനം നൽകും. ഇവരിൽ നിന്ന് വീണ്ടും 150 പേർക്ക് നിരന്തര പരീശീലനം നൽകി അവർക്ക് ജോലി ഉറപ്പാക്കും. എല്ലാവർക്കും സ്കോളർഷിപ്പ് പാർട്ടിസിപ്പേഷൻ സർട്ടിഫിക്കറ്റും വിജയികൾക്ക് സ്കോളർഷിപ്പ് സർട്ടിഫിക്കറ്റും, തിരഞ്ഞെടുക്കപ്പെടുന്ന 150 പേർക്ക് സ്കോളർഷിപ്പും നൽകും.

ഇതിനായി സ്കോളർഷിപ്പ് പരീക്ഷയ്ക്ക് തയ്യാറാകാനും മൽസരപരീക്ഷകൾക്കുമായി ഒരു പുസ്തകം തയ്യാറാക്കി വരുന്നു. യോഗതലം മുതൽ ശാഖാതലം വരെ പെൻഷനേഴ്സ് കൗൺസിൽ യൂണിയൻ, ശാഖാഭാരവാഹികളുടെ സഹകരണത്തോടെ വിവിധ കമ്മിറ്റികൾ രൂപീകരിക്കും.

കേന്ദ്രതലത്തിൽ ജനറൽ സെക്രട്ടറി നിശ്ചയിക്കുന്ന സ്ഥലത്ത് ഒരു സ്ഥിരം പരിശീലനകേന്ദ്രവും ഭാവിയിൽ സിവിൽ സർവ്വീസ് അക്കാദമിയായും നമ്മുടെ കുട്ടികൾക്ക് കരിയർ ഗൈഡൻസ് വിവിധ കോച്ചിംഗ്, കോൺഫിഡൻസ് ബിൽഡിംഗ് തുടങ്ങി അറിവും കഴിവും പരിപോഷിപ്പിക്കുന്ന ഒരു സ്കിൽ ഹബ്ബായും മാറും.

തിരഞ്ഞെടുക്കപ്പെടുന്ന യൂണിയൻ കേന്ദ്രങ്ങളിൽ (ജില്ലയിൽ ഒന്ന്) അവധി ദിവസപരിശീലനകേന്ദ്രങ്ങൾ ആരംഭിക്കും. എല്ലാ യൂണിയൻ, ശാഖകൾക്കും അവശ്യമെങ്കിൽ കരിയർ ഗൈഡൻസ്, കരിയർ സെലക്ഷൻ ക്ലാസ്സുകൾ നൽകാൻ കഴിയും. ഇതിനുള്ള വിദഗ്ദ്ധരെ ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിൽ നൽകും.

കഴിഞ്ഞ കാൽനൂറ്റാണ്ടുകൊണ്ട് എസ്.എൻ.ഡി.പി. യോഗം ഒരു സ്വിച്ചിട്ടാൽ കുടുംബയോഗം വരെ ചലിപ്പിക്കാൻ കഴിയുന്ന ഒരു വൻ ശക്തിയായി മാറിയെങ്കിൽ അതേ സംഘടന സംവിധാനത്തോടെ ശ്രീനാരായണ സമൂഹത്തെ ഭരണസിരാകേന്ദ്രങ്ങളിൽ ജോലിയും, സ്വദേശ-വിദേശ സ്കോളർഷിപ്പുകൾ നേടാനും, ഉയർന്ന വിദ്യാഭ്യാസവും കരിയറും നേടാനും പ്രാപ്തരാക്കുവാൻ ഗുരുദേവന്റെ അനുഗ്രഹത്തോടെ എസ്.എൻ.ഡി.പി. യോഗത്തിന്റെ പോഷകസംഘടന എന്ന നിലയിൽ ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിലിനു കഴിയും. സ്വത്വബോധമുള്ള ഈഴവ തലമുറയെ വാർത്തെടുക്കാൻ എസ്.എൻ.ഡി.പി. യോഗം ജനറൽ സെക്രട്ടറിയുടെ ആശിർവാദത്തോടൊപ്പം, യോഗം, യൂണിയൻ, ശാഖ ഭാരവാഹികളുടെ അശ്രാന്തപരിശ്രമവും സഹകരണവും ഞങ്ങൾ പ്രതീക്ഷിച്ചുകൊള്ളുന്നു.

ഗുരുദേവനാമത്തിൽ,

| | | | |
|---|---|---|---|
| **കെ.എം. സജീവ്** | **അഡ്വ: എം.എൻ. ശശിധരൻ** | **ഡോ. കെ. സോമൻ** | **ഡോ. ആർ. ബോസ്** |
| പ്രസിഡന്റ് SNPC | സെക്രട്ടറി SNPC | പ്രോഗ്രാം കോ-ഓർഡിനേറ്റർ | ട്രഷറർ SNPC |
| 9447231994 | 9447526738 | 9447105821 | 9037644729 |